# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **187** **28.06.2016**-ൽ മറുപടിക്ക്

**കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ്**

**ചോദ്യം** | **മറുപടി**

ശ്രീമതി.പി.അയിഷാ പോറ്റി

ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ
(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; എന്നാണ് നിർമ്മാണം പൂർത്തീകരിച്ചത്; | (എ) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഗവ: ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി) 1184/പി.ഡബ്ലൂ.ഡി തീയതി 14/8/2009 പ്രകാരം ലോക ബാങ്കിന്റെയും കെ.എസ്.റ്റിപി.യുടെയും സഹായ ത്തോടെ ട്രോമാകെയർ യൂണിറ്റ് പണിയുന്നതിന് 2.53 കോടി രൂപ അനുവദിക്കുകയും പി.ഡബ്ലൂ.ഡി ഏറ്റെടുത്ത് ഒന്നാം ഘട്ട നിർമ്മാണം 20/12/2010 ൽ ആരംഭിക്കുകയും 31/10/2013 ൽ പൂർത്തിയാക്കുകയും ചെയ്തു.<br>രണ്ടാം ഘട്ടനിർമ്മാണം എൻ. ആർ.എച്ച്.എം രണ്ടുകോടി രൂപ ചെലവഴിച്ച് എച്ച്.എൽ.എൽ മേൽനോട്ടത്തിൽ 10/07/2015 ൽ പണി പൂർത്തീകരിച്ചു. |
| (ബി) | ട്രോമാകെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ആശുപത്രിയിൽ ഇനി എന്തെല്ലാം സംവിധാനങ്ങൾ സജ്ജമാക്കണം; | (ബി) | ഉപകരണങ്ങളും ജീവനക്കാരേയും സജ്ജമാക്കേണ്ടതുണ്ട്. |
| (സി) | ആയവ അടിയന്തരമായി സജ്ജമാക്കി ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് അടിയന്തരമായി പ്രവർത്തിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും? | (സി) | പ്രസ്തുത കെട്ടിടത്തിൽ ഇപ്പോൾ കാഷ്വാലിറ്റി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങളും ജീവനക്കാരും സജ്ജമാക്കുന്നമുറയ്ക്ക് ട്രോമാകെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ